**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**05/03/2020 ൽ മറുപടിക്ക്**

**നക്ഷത്രചിഹ്നമിട്ട**

**ചോദ്യം നം. 110**

## കടലിൽ കാണാതായ മത്സ്യത്തൊഴിലാളികൾ

**ചോദ്യം** **ഉത്തരം**

| | **ശ്രീ.പാറക്കൽ അബ്ദുല്ല**<br>**,, എം.ഉമ്മർ**<br>**,, എൻ .എ.നെല്ലിക്കുന്ന്**<br>**,, കെ.എം.ഷാജി :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>**(മത്സ്യബന്ധനവും ഹാർബർ**<br>എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും<br>വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തിരച്ചിലിന് ശേഷവും കണ്ടെത്താനാവാത്തവരുടെ ബന്ധുക്കൾക്ക് ഏതെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് നിലവിൽ നൽകി വരുന്നത്; വിശദീകരിക്കുമോ; | (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾ കടലിൽ കാണാതായാൽ അവരുടെ ബന്ധുക്കൾക്ക് ബോർഡ് ധനസഹായം നൽകുന്നുണ്ട്. 1872 ലെ ഇൻഡ്യൻ തെളിവ് നിയമത്തിലെ വകുപ്പ് 108 പ്രകാരം കാണാതാകുന്ന ഒരാൾ മരണപ്പെട്ടുവെന്ന് അനുമാനിക്കാവുന്നത് 7 വർഷത്തിന് ശേഷമാണ്. എന്നാൽ കാണാതായ ആൾ non traceable ആണെന്ന് പോലീസ് സ്റ്റേഷനിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടിന്റെയും വില്ലേജ് ഓഫീസറുടെ അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ കളക്ടർ/ആർ.ഡി.ഒ. അനുവദിക്കുന്ന മിസ്സിംഗ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന പക്ഷം ഇൻഷുറൻസ് കമ്പനിയിൽ നിന്ന് ധനസഹായം ലഭ്യമാക്കി മത്സ്യബോർഡ് മുഖേന കാണാതായ ആളിന്റെ അവകാശിക്ക് ധനസഹായം നൽകി വരുന്നു. ഓഖി ദുരന്തത്തിൽ കടലിൽ കാണാതായ 91 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മൂന്ന് മാസത്തിനകം തന്നെ 20 ലക്ഷം രൂപ വീതം ധനസഹായവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കാണാതായവരെ കണ്ടുപിടിക്കാൻ എതെല്ലാം വിധത്തിലുള്ള അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടെന്നറിയിക്കാമോ; | (സി) | കടലിൽ മത്സ്യബന്ധനത്തിന് പോയി കാണാതാകുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ റെസ്ക്യൂ ബോട്ടുകൾ തിരച്ചിൽ നടത്താറുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡും, ഇന്ത്യൻ നേവിയും അവരുടെ അത്യാധുനിക സംവിധാനങ്ങളുള്ള ഹെലി കോപ്റ്ററും, ഡോണിയർ വിമാനങ്ങളും, കപ്പലുകളും തിരച്ചിലിനായി ലഭ്യമാക്കാറുണ്ട്. |
| (ഡി) | പ്രസ്തുത അന്വേഷണങ്ങൾ പൂർണ്ണമായും ഫലപ്രദമാണോ എന്ന് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ, ഇല്ലെങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ? | (ഡി) | ഫിഷറീസ് വകുപ്പ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവയുടെ നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ തീരസംരക്ഷണ സേനകളായ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി ഉടങ്ങി രാജ്യത്ത് ലഭ്യമായ പരമാവധി സംവിധാനങ്ങൾ തെരച്ചിലിനും, രക്ഷാ പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുത്തി വരുന്നുണ്ട്. ആയത് ഫലപ്രദവുമാണ്. അത്യാധുനീക സംവിധാനങ്ങളോടുകൂടിയ 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡ് (CSL) മുഖേന നിർമ്മിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**